(ബി) ഏത്ര ആശുപത്രികളിൽ ക്രിമിനൽ പുള്ളികളെ ചികിത്സിപ്പിക്കുന്നതിനുള്ള പ്രത്യേക മുറികൾ ഉണ്ട്;

(സി) ഈ മുറികൾ എല്ലാം ക്രിമിനൽ പുള്ളികളെ സൂക്ഷിപ്പിക്കത്തക്ക വിധത്തിൽ ഉറപ്പുള്ളതാണോ;

(ഡി) ഉറപ്പില്ലാത്ത മുറികൾ ഉണ്ടെങ്കിൽ അവ ഏതെല്ലാം ആശുപത്രികളിലാണ്;

(ഇ) അവ ഓരോന്നും ഉറപ്പില്ലാതായിത്തീർന്നിട്ട് ഏത്ര കാലംവീതം ആയിട്ടുണ്ട്;

(എഫ്) അറ്റകുറ്റപ്പെട്ട കിടക്കുന്ന ആശുപത്രികൾ ഈ സംസ്ഥാനത്തുണ്ടോ;

(ജി) ഉണ്ടെങ്കിൽ അതു് ഏതെല്ലാമെന്നും എപ്പോൾ മുതൽ അറ്റകുറ്റപ്പെട്ട കിടക്കുന്നുവെന്നും പറയാൻ ദയവുണ്ടാകുമോ?

മുഖ്യമന്ത്രി (ശ്രീ. സി. കേശവൻ): (എ—ജി) ബഹുമാനപ്പെട്ട മെമ്പറുടെ ചോദ്യത്തിനുള്ള ഉത്തരം തയ്യാറാക്കുന്നതിനു് പല വിവരങ്ങളും ശേഖരിക്കേണ്ടതുണ്ടു്. ആ വക വിവരങ്ങൾ ശേഖരിക്കുന്നുണ്ടു്. പക്ഷേ ഇതു കിട്ടുന്നതിനു് കാലതാമസം നേരിടുന്നതാണു്. ഏതെങ്കിലും ഒരു പ്രത്യേകസ്ഥാപനത്തിന്റെ സംഗതിയെക്കുറിച്ചാണെങ്കിൽ അതിലേക്കുള്ള ഉത്തരം താമസം കൂടാതെ നല്കാവുന്നതാണു്.

മരുന്നുകൾ

*ക ൦ ൬. (ന) ശ്രീ. പി. നാണു: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട മെഡിക്കൽ വകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) സംസ്ഥാനത്തുള്ള ആശുപത്രികളിലെല്ലാം ആവശ്യമുള്ള മരുന്നുകൾ ഉണ്ടോ;

(ബി) മരുന്നു വിലകൊടുത്തു വാങ്ങാൻ ശേഷിയില്ലാത്ത രോഗികൾക്കു് ആശുപത്രിയിൽ ഇല്ലാത്ത മരുന്നുകൾ ലഭിക്കുന്നതിനു് ഗവൺമെൻറു് എന്തെങ്കിലും വ്യവസ്ഥ ചെയ്തിട്ടുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. സി. കേശവൻ):

(എ) ഉണ്ടു്. എന്നാൽ വിദേശത്തുനിന്നും വരുത്തേണ്ട മരുന്നുകൾ കിട്ടുന്നതു് ഇംപോർട്ട് ലൈസൻസു്, ഗതാഗതസൗകര്യം മുതലായ ഒഴിച്ചുകൂടാൻ വയ്യാത്ത പരിതഃസ്ഥിതിയെ ആശ്രയിച്ചിരിക്കുന്നതാണു്.

(ബി) ഉണ്ടു്

ശ്രീ. പി. നാണു: ബിയുടെ ഉത്തരത്തിൽ ഉണ്ടു് എന്നു പറഞ്ഞിട്ടുണ്ടു്. ഏതു വ്യവസ്ഥയാണു് ഗവൺമെൻറു ചെയ്തിട്ടുള്ളതു്?

ശ്രീ. സി. കേശവൻ: ആശുപത്രികളിൽ സാധുക്കളായ രോഗികൾക്കു് വിലകൂടിയ മരുന്നുകൾ കൊടുക്കേണ്ട ആവശ്യമുണ്ടെങ്കിൽ, അത്യാവശ്യഘട്ടങ്ങളിൽ, കൊടുക്കുന്നതിനു് ചട്ടങ്ങളുണ്ടു്. വിശേഷിച്ചു ടി. ബി. ആശുപത്രികളിൽ സാധുക്കളായ രോഗികൾക്കു് വിലകൂടാതെ വളരെ വിലകൂടിയ മരുന്നുകൾ കൊടുക്കുന്നതായി എനിക്കറിയാം.

ശ്രീ. പി. നാണു: ടി. ബി. അല്ലാത്ത ആശുപത്രികളിൽ സാധുക്കളായ രോഗികൾക്കു മരുന്നു കിട്ടുന്നതിനു് എന്തെല്ലാം വ്യവസ്ഥകളാണു് ചെയ്തിട്ടുള്ളതു്?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. കേശവൻ: രോഗികൾക്ക് ആവശ്യമായ മരുന്നുകൊടുക്കുന്നതിന വ്യവസ്ഥ ചെയ്യിട്ടുണ്ട്.

ശ്രീ. പി. നാണു: സാധുക്കളായ രോഗികൾക്ക് ആവശ്യമായ മരുന്നു ആശുപത്രിയിൽ ഇല്ലെങ്കിൽ അതു വാങ്ങിക്കൊടുക്കുന്നതിനുള്ള പണം ആശുപത്രികൾക്ക് നല്കിയിട്ടുണ്ടോ?

ശ്രീ. സി. കേശവൻ: ഉണ്ടെന്നാണ് തോന്നുന്നത്.

ശ്രീ. ഈ. ഗോപാലകൃഷ്ണമേനോൻ: എറണാകുളം ജനറൽ ആശുപത്രിയിൽ മറിവുകൾ വച്ചുകെട്ടുന്നതിനുള്ള ലിനൻ കിട്ടുന്നില്ലെന്നു ഗവൺമെൻറിന് അറിയാമോ?

ശ്രീ. സി. കേശവൻ: ഇല്ല.

ശ്രീ. സി. വി. ജയ്മു: ലിനൻ തന്നെയല്ലാ അവിടെ കെട്ടികൾക്ക് വയറിളക്കുവാനുള്ള മരുന്നു, വെരപ്പൊടി മുതലായതും കിട്ടുന്നില്ലെന്നറിയാമോ?

ശ്രീ. സി. കേശവൻ: തീച്ചയായും അതെല്ലാം അവിടെ കിട്ടുന്നുണ്ടെന്നറിയാം.

ശ്രീ. സി. വി. ജയ്മു: എന്നാൽ ഇപ്പോൾ ഞാൻ പറയുന്നു അതു അവിടെ കിട്ടുന്നില്ലെന്നു.

ശ്രീ. സി. കേശവൻ: ആവശ്യപ്പെട്ടിട്ടുണ്ടെങ്കിൽ മരുന്നു കൊടുത്തിട്ടുണ്ട്.

ശ്രീ. എ. കെ. പാച്ചുപിള്ള: നാട്ടിൻപുറങ്ങളിലെ ആശുപത്രികളിൽ രോഗികൾക്ക് ആവശ്യമുള്ളതായ മരുന്നുകൾ ഇല്ലെങ്കിൽ അതു പുറമേനിന്നും വാങ്ങിക്കുന്നതിന് വിശേഷാൽ പണം ചെലവു ചെയ്യുന്നതിനു അവിടെ ഇരിക്കുന്ന ഡാക്ടർക്കു ഗവൺമെൻറിന്റെ സാംഗ്ഷൻ കൂടാതെ പ്രത്യേക അധികാരമുണ്ടോ?

ശ്രീ. സി. കേശവൻ: നോട്ടീസു വേണം.

ചങ്ങനാശ്ശേരി–ആലപ്പുഴതോട്

* ൧൦൫. (൪) ശ്രീ. പി. കെ. കുമാരൻ ആചാരി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട പബ്ലിക്ക് വർക്സ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ—

(എ) ചങ്ങനാശ്ശേരി-ആലപ്പുഴ തോട് വെട്ടിനു ആകെ എത്രരൂപാ ചെലവുവരും;

(ബി) എത്ര കൊല്ലംകൊണ്ടു ഈ ജോലി പൂർത്തിയാകും?

ധനകാര്യവും ഭക്ഷ്യവും വകുപ്പു മന്ത്രി (ശ്രീ. കെ. എം. കോര):

(എ) ൩.൪൦ ലക്ഷം ഉറപ്പിക.

(ബി) ഉദ്ദേശം രണ്ടര കൊല്ലംകൊണ്ടു ഈ ജോലി പൂർത്തിയാകുമെന്നാണ് പ്രതീക്ഷ.

ശ്രീ. പി. കെ. കുമാരൻ ആചാരി: ആലപ്പുഴ–ചങ്ങനാശ്ശേരി തോട് പണി നിറുത്തി വയ്ക്കണമെന്നു ആരെങ്കിലും ആക്ഷേപം കൊടുത്തിട്ടുണ്ടോ?

ശ്രീ. കെ. എം. കോര: പത്രങ്ങളിൽ ചില ആക്ഷേപങ്ങൾ ഉള്ളതായികണ്ടിട്ടുണ്ട്.

ശ്രീ. എ. കെ. പാച്ചുപിള്ള: ഈ തോട് ഇപ്പോൾ എത്ര മൈൽ വെട്ടിയിട്ടുണ്ട്?

LIBRARY ARCHIVES Kerala Legislative Assembly